22945
14/12/19

File No.FWLD-F2/40/2018-FWLD

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-വനം വകുപ്പിൽ കോന്നി ഡിവിഷനിൽ സീനിയർ ക്ലാർക്കായിരിക്കെ മരണപ്പെട്ട സതീഷ് കുമാർ പി-യുടെ ചികിത്സക്കായി ചെലവായ തുക പ്രതിപൂരണം ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

G.O.(Rt)No.465/2019/F&WLD തീയതി,തിരുവനന്തപുരം, 16/11/2019

---

പരാമർശം:- 1 ഭരണ വിഭാഗം ഉപമുഖ്യവനപാലകന്റെ 30.01.2018, 18.04.2018, 05.10.2019 എന്നീ തീയതികളിലെ എച്ച്2-1354/18 നമ്പർ കത്തുകൾ.

**ഉത്തരവ്**

വനം വകുപ്പിൽ കോന്നി ഡിവിഷനിൽ സീനിയർ ക്ലാർക്കായിരുന്ന സതീഷ് കുമാർ പി-യുടെ ചികിത്സക്കായി കൊട്ടാരക്കര വിജയ, തിരുവനന്തപുരം എസ്.പി.ഫോർട്ട് എന്നീ ആശുപത്രികളിൽ ചെലവായ തുക പ്രതിപൂരണം ചെയ്ത് നൽകുന്നതിനുള്ള അപേക്ഷയും അനുബന്ധരേഖകളും പരാമർശിത കത്ത് പ്രകാരം ഉപമുഖ്യവനപാലകൻ ശുപാർശ ചെയ്ത് അയച്ചിരുന്നു.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനം വകുപ്പിൽ പത്തനംതിട്ട , കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കവെ മരണപ്പെട്ട സതീഷ് കുമാർ . പി - യുടെ Infected quadriceps repair (L) ചികിത്സയ്ക്ക് കൊട്ടാരക്കര വിജയ , തിരുവനന്തപുരം എസ് . പി . ഫോർട്ട് എന്നീ ആശുപത്രികളിൽ 31/05/2017 മുതൽ 06/12/2017 വരെയും 09/11/2017 മുതൽ 15/11/2017 വരെയും ചികിത്സ നടത്തിയ നടപടി , ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് 1960-ലെ KGSMA Rules-ൽ ഇളവ് വരുത്തി സാധൂകരിച്ചുകൊണ്ടും,, ആയതിന് ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയുടെ 8 0 % ആയ 87,712/- രൂപ ( എൺപത്തേഴായിരത്തി എഴുന്നൂറ്റി പന്ത്രണ്ട് രൂപ മാത്രം ) പ്രസ്തുത ചികിത്സയ്ക്ക് ടിയാൻ മുമ്പ് പലിശ രഹിത ചികിത്സാ വായ്പ എടുത്തിട്ടില്ലായെന്ന് ഉറപ്പ് വരുത്തിയ ശേഷം ടിയാന്റെ നിയമാനുസൃത അവകാശികൾക്ക് പ്രതിപൂരണം ചെയ്തു നല്കുവാൻ അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

3). ഭരണ വിഭാഗം ഉപമുഖ്യവനപാലകൻ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

File No.FWLD-F2/40/2018-FWLD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEELA.M
UNDER SECRETARY

ഭരണ വിഭാഗം ഉപമുഖ്യവനപാലകൻ, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധരേഖകളും ).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ),കേരള,തിരുവനന്തപുരം.

ധനകാര്യവകുപ്പ് (28.10.2019-ലെ LOANS-L1/254/2019-FIN (E-1330929) പ്രകാരം)

ആരോഗ്യ കുടുംബക്ഷമ വകുപ്പ് ( 10.10.2018- ലെ G2/977/2018/H&FWD പ്രകാരം)

വെബ്ബ് & ന്യൂ മീഡിയ

വനം വന്യജീവി (പി എസ്) വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by SAJEEVAN M K
Date: 2019.11.18 09:41:35 IST
Reason: Approved

സെക്ഷൻ ഓഫീസർ